## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3277 | | 19.06.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **പൊതുമാലിന്യ സംസ്കരണ സംവിധാനം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.എ.പി. അനിൽ കുമാർ** | | **എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | കേരളം ഖരമാലിന്യ സംസ്കരണനയം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. 13/09/2018-ലെ ജി.ഒ(പി)നം.65/2018/തസ്വഭവ പ്രകാരം സംസ്ഥാന സർക്കാർ മാലിന്യ സംസ്കരണ നയം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സ്വന്തമായി മാലിന്യസംസ്കരണ സംവിധാനം സ്ഥാപിക്കുവാൻ സ്ഥലമോ സാമ്പത്തികമോ ഇല്ലാത്ത സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമായി പൊതുമാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്ന കാര്യത്തിൽ എത്രമാത്രം മുന്നോട്ട് പോകുവാൻ സാധിച്ചു; വിശദാംശം നൽകുമോ; | (ബി) | കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള ഖരമാലിന്യ പരിപാലന ചട്ടം 2016-ൽ, മാലിന്യം ഉൽപാദിപ്പിക്കുന്ന ഏതൊരാളും അത് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് പ്രോത്സാഹനം നൽകണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഇത്തരത്തിൽ സ്വന്തമായി മാലിന്യം സംസ്കരിക്കാൻ സ്ഥലമോ, സാമ്പത്തികമോ ഇല്ലാത്തവർക്കായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും പൊതു സ്ഥലങ്ങളിലും എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് മുതലായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിച്ചുവരുന്നു. ഇത്തരത്തിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ആകെ പദ്ധതി വിഹിതത്തിന്റെ 75% വരെ സർക്കാർ സാമ്പത്തിക സഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വമിഷൻ മുഖേന നൽകി വരുന്നു.<br><br>കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേന്ദ്രീകൃതമായ രീതിയിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള വേസ്റ്റ്-ടു- എനർജി പ്ലാന്റുകൾ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്ത് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഖരമാലിന്യ സംസ്കരണനയം രൂപീകരിച്ചതു സംബന്ധിച്ച് സുപ്രീംകോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കുന്നതിന് വന്ന കാലതാമസത്തിന് കോടതി നിർദ്ദേശിച്ച ഫൈൻ അടച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുകയാണ് ഫൈനായി അടച്ചതെന്ന് അറിയിക്കുമോ? | (സി) | ഉണ്ട്. ഒരു ലക്ഷം രൂപ. |

സെക്ഷൻ ഓഫീസർ